"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുത്താട്ടുകുളം മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(8), 36(11), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(കൈ) നം.149/2023/LSGD തീയതി,തിരുവനന്തപുരം, 24-07-2023

പരാമർശം:-

1. 31/08/2021-ലെ സ.ഉ.(കൈ) നം. 189/21/തസ്വഭവ
2. കുത്താട്ടുകുളം നഗരസഭാ കൗൺസിലിന്റെ 09/02/2023-ലെ 1-ാം നമ്പർ തീരുമാനം.
3. 17.04.2023 തീയതിയിലെ കുത്താട്ടുകുളം നഗരസഭ സെക്രട്ടറിയുടെ പി.ബ്ലൂ.1-6717/21 നമ്പർ കത്ത്.
4. 27.05.2023 ലെ മുഖ്യനഗരാസൂത്രകന്റെ എൽഎസ്ജിഡി/പിഡി/17243/2023-ടിസിപി ബി4 നമ്പർ കത്ത്.

ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം കുത്താട്ടുകുളം മാസ്റ്റർ പ്ലാനിനു സർക്കാരിൽ നിന്നും പ്രസിദ്ധീകരണാനുമതി നൽകിയിരുന്നു. തുടർന്ന് 27/10/2021-ലെ 3123-ാം നമ്പർ ഗസറ്റ് വിജ്ഞാപനം പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് കരട് മാസ്റ്റർ പ്ലാൻ നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(2) തുടർന്ന് നഗരസഭാ കൗൺസിലിന്റെ മാസ്റ്റർ പ്ലാൻ കമ്മിറ്റി ആക്ഷേപാഭിപ്രായങ്ങൾ പരിശോധിക്കുകയും, അപേക്ഷകരെ നേരിൽ കേൾക്കുകയും ചെയ്തതനുസരിച്ച തയ്യാറാക്കിയ റിപ്പോർട്ട് നഗരസഭ കൗൺസിലിനു മുന്നിൽ സമർപ്പിക്കുകയും സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശകൾ കൗൺസിൽ അംഗീകരിക്കുകയും, മാസ്റ്റർ പ്ലാൻ പരിഷ്കരിക്കുന്നതിനും അന്തിമ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിനും കുത്താട്ടുകുളം നഗരസഭാ കൗൺ സിലിന്റെ പരാമർശം (2) തീരുമാനം എടുത്തിട്ടുള്ളതും കൗൺസിൽ നിർദ്ദേശ പ്രകാരമുള്ള ഭേദഗതികൾ വരുത്തിയ മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി നഗരസഭാ

സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

(3) 27/10/2021-ൽ കരട് മാസ്റ്റർ പ്ലാൻ നഗരസഭ പ്രസിദ്ധീകരിച്ചതിന് ശേഷമാണ് 'situational analysis in respect of hazard, vulnerability, risk and proposals for mitigation and resilience' എന്നിവ കൂടി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനു 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൽ ഭേദഗതി നിലവിൽ വന്നിട്ടുള്ളത്. എന്നിരുന്നാലും Disaster management-മായി ബന്ധപ്പെട്ട് ഒരു അദ്ധ്യായം പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ തന്നെ ചേർത്തിരുന്നതാണ്. കൂത്താട്ടുകുളം നഗര പ്രദേശത്തിന്റെ തനതായ ഭൂപ്രകൃതിയും അനുയോജ്യമായ നീരൊഴുക്ക് വ്യവസ്ഥിതിയും മൂലവും ജില്ലയിലെ മറ്റു നഗരങ്ങളെ അപേക്ഷിച്ച്, കൂത്താട്ടുകുളം 2018-ലെ വെള്ളപ്പൊക്കത്തെ പ്രതിരോധിച്ചിട്ടുള്ളതാണ് എന്ന് മാസ്റ്റർ പ്ലാനിൽ പ്രതിപാദിച്ചിട്ടുണ്ട്. നിലവിലുള്ള തോടുകൾ സംരക്ഷിക്കുന്നതിനും, drainage മാസ്റ്റർ പ്ലൻ തയ്യാറാക്കുന്നതിനും മാസ്റ്റർ പ്ലാനിൽ പ്രൊപ്പോസലുകൾ നൽകിയിട്ടുള്ളതാണെന്നും കൂടാതെ hilly terrain ഉള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾക്ക് നിയന്ത്രണങ്ങളും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ, പരിഷ്കരിച്ച മാസ്റ്റർ പ്ലാൻ എറണാകുളം സീനിയർ ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുള്ളതാണെന്ന് മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

(4) പരിഷ്കരിച്ച മാസ്റ്റർ പ്ലാൻ സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിന് നഗരസഭ തീരുമാനം എടുത്തിട്ടുള്ള സാഹചര്യത്തിൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ നഗരസഭ ഇപ്പോൾ ഉൾപ്പടുത്തിയ പരിഷ്കാരങ്ങൾ അംഗീകരിക്കാവുന്നതാ ണെന്നും ആയതിനാൽ കൂത്താട്ടുകുളം മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36(8), 36(11) എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും, അന്തിമ അംഗീകാരം നൽകുന്നതിനു മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, കൂത്താട്ടുകുളം നഗരസഭ കൗൺസിലിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ, കൂത്താട്ടുകുളം മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36(8), 36(11) എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും, അന്തിമ അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(കൈ) നം.149/2023/LSGD

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, എറണാകുളം
4. സെക്രട്ടറി, കൂത്താട്ടുകുളം നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ